പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. 578</u>

<u>**28.02.2017** ൽ മറുപടിക്ക്</u>

## <u>ഉപയോഗശൂന്യമായ ക്വാറികളിലെ അപകടങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. എ.സി. മൊയ്തീൻ<br>(ബഹു. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഉപയോഗശൂന്യമായ ക്വാറികളിൽ നിരന്തരമായി ഉണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഇല്ല. ഉപേക്ഷിക്കപ്പെട്ട ക്വാറികളിൽ കളിക്കാനായി ഇറങ്ങുന്നവർക്ക് അപകടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇത്തരത്തിൽ ഉപയോഗശൂന്യമായ ക്വാറികൾക്ക് സംരക്ഷണ മതിൽ നിർമ്മിക്കണമെന്ന ബാലാവകാശ കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കാൻ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br>(സി) അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനായി ക്വാറികൾക്കും പാറമടകൾക്കും അനുമതി നല്കുന്നതോടൊപ്പം തന്നെ, ക്വാറികൾക്കും പാറമടകൾക്കും സമീപം അപായ സൂചന നൽകുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;<br>(ഡി) ഇക്കാര്യത്തിൽ പഞ്ചായത്ത് വകുപ്പുമായി സംയോജിച്ച് പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? | (ബി) (സി) & (ഡി) 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 65 ൽ ഉപേക്ഷിക്കപ്പെട്ട ക്വാറികൾ വേലികെട്ടി സംരക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി ക്വാറി സേഫ്റ്റി ഫണ്ട് എന്ന നിലയിൽ ക്വാറി ഉടമകളിൽ നിന്നും റോയൽറ്റിയുടെ 10% തുക ഈടാക്കി ജില്ലാ കളക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ബാലാവകാശ കമ്മീഷന്റെ നിർദ്ദേശത്തെ തുടർന്ന് പഞ്ചായത്തുകളിൽ നിന്നും ഉപയോഗശൂന്യമായ ക്വാറികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അത്തരം ക്വാറികൾക്ക് ചുറ്റും ഫെൻസിങ് നിർമ്മിക്കുന്നതിന് സ്ഥലമുടമകൾക്ക് നിർദ്ദേശം നൽകുന്നതിനും ക്വാറികൾക്കും പാറമടകൾക്കും സമീപം അപായസൂചന നല്കുന്ന ബോർഡുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**